ഭരണഭാഷ-മാതൃഭാഷ

നം.ICDS/A3-8813/21

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 21.10.2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ വനിത ശിശുവികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് – ICDS -അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന: സ.ഉ (സാധാ) നമ്പർ 550/2021/സാനീവ തീയതി 7.8.2021.

സംസ്ഥാനത്തെ മുഴുവൻ സ്ഥിരം അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും തിരിച്ചറിയൽ കാർഡ് നിർമ്മിച്ച് വിതരണം ചെയ്യുന്നതിലേയ്ക്കായി മേൽ സൂചന പ്രകാരം 66,10,100/-രൂപ (അറുപത്തിയാറ് ലക്ഷത്തി പതിനായിരത്തി ഒരുന്നൂറ് രൂപ മാത്രം) ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതനുസരിച്ച് താഴെപ്പറയുന്ന സ്പെസിഫിക്കേഷനിൽ ഐ.ഡി കാർഡുകൾ സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടു നിർമ്മിച്ചു നൽകുന്നതിന് ശിശുവികസന പദ്ധതി ഓഫീസർമാരെ ചുമതലപ്പെടുത്തുന്നു. ചുവടെ ചേർത്തിരിക്കുന്ന സ്പെസിഫിക്കേഷനിൽ സ്ഥിര ജീവനക്കാർക്ക് കാർഡ് നിർമ്മിച്ച് നൽകുന്നതിന് കാർഡ് ഒന്നിന് പരമാവധി 100 രൂപ ചെലവാക്കാവുന്നതാണ്.

**<u>സ്പെസിഫിക്കേഷൻ</u>**

1) നല്ല ഇനം പി.വി.സി ഐ.ഡി കാർഡ് (8.5 cm x 5.4 cm ).
2) ഡിജിറ്റൽ പ്രിന്റഡ് ലാൻയാർഡും കാർഡ് ഹോൾഡറും (കേരള സർക്കാർ എന്ന പ്രിന്റിംഗ് ഉൾപ്പെടെ).
3) ID കാർഡിൽ രേഖപ്പെടുത്തുന്ന വിവരങ്ങളുടെ ആധികാരികത ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
4) ഓരോ അങ്കണവാടി പ്രവർത്തകരുടെയും SPARK ലെ Identification No. ആണ് Employer ID No. ആയി രേഖപ്പെടുത്തേണ്ടത്.

5) വകുപ്പിൽ നിന്നും ലഭ്യമായിട്ടുള്ള ഫോൺ നമ്പർ Emergency Contact ആയും അങ്കണവാടി പ്രവർത്തകരുടെ Personal Mobile No. Mobile No. കോളത്തിലും ചേർക്കേണ്ടതാണ്. സി.ഡി.പി.ഒ യുടെ ഔദ്യോഗിക ഫോൺ നമ്പർ, ഓഫീസ് ഫോൺ നമ്പറിനോടൊപ്പം ചേർക്കേണ്ടതാണ്.

6) താൽക്കാലിക ജീവനക്കാർക്ക് ഇതോടൊപ്പം ലഭ്യമാക്കിയിട്ടുള്ള മാതൃകയിൽ താൽക്കാലിക കാർഡ് (പേപ്പർ കാർഡ്) പ്രിന്റ് ചെയ്ത് നൽകിയാൽ മതിയാകുന്നതാണ്. പേപ്പർ കാർഡ് പ്രിന്റ് ചെയ്യുന്നതിന് ആവശ്യമായ തുക മാത്രമേ ഇതിനായി ചെലവഴിക്കേണ്ടതുള്ളൂ. തിരിച്ചറിയൽ കാർഡിൽ കാലാവധി രേഖപ്പെടുത്തേണ്ടതാണ്.

7) സ്ഥിരം അങ്കണവാടി പ്രവർത്തകർ സേവനത്തിൽ നിന്നും വിരമിക്കുന്ന അവസരത്തിലും താൽക്കാലിക ജീവനക്കാർ കരാർ കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്കും ടി തിരിച്ചറിയൽ കാർഡ് സൂപ്പർവൈസർമാർ തിരികെ വാങ്ങി ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

8) തയ്യാറാക്കേണ്ട ID കാർഡുകളുടെ മാതൃക ഇതോടൊപ്പം ചേർക്കുന്നു. ടി. മാതൃകകളുടെ Soft Copy e-mail ആയി ലഭ്യമാക്കിയിട്ടുണ്ട്.

9) ശിശു വികസന പദ്ധതി ഓഫീസർമാർ അടിയന്തിരമായി ഐ.ഡി കാർഡുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് 2021 നവംബർ 30 നകം പൂർത്തീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി

GB/

# വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ: അനുപമ T.V IAS )

വിഷയം: വനിത ശിശു വികസന വകുപ്പ് – ICDS-അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതിന് തുക അനുവദിക്കുന്നത് - സംബന്ധിച്ച്.

പരാമർശം: സ.ഉ (സാധ) നമ്പർ 550/2021/സാനീവ തീയതി തിരുവനന്തപുരം 7.8.2021

ഉത്തരവ് നം. ICDS/A3/8813/20 തീയതി 21.10.2021

വനിത ശിശുവികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സംയോജിത ശിശുവികസന സേവന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ICDS കളിലെ അങ്കണവാടി വർക്കർമാർ ഫീൽഡുതല വിവരശേഖരണം നടത്തുമ്പോൾ കാലഹരണപ്പെട്ട തിരിച്ചറിയൽ കാർഡുകളാണ് ഉപയോഗിക്കുന്നതെന്നും ടി സാഹചര്യത്തിൽ വിവരശേഖരണം നടത്തുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകൾ നേരിടുന്നുവെന്നും പ്രോഗ്രാം ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തുള്ള 33115 അങ്കണവാടി വർക്കർമാർക്കും (മിനി അങ്കണവാടി വർക്കർമാർ ഉൾപ്പെടെ) 32986 അങ്കണവാടി ഹെൽപ്പർമാർക്കും തിരിച്ചറിയൽ കാർഡ് നിർമ്മിച്ച് നൽകുന്നതിനായി കാർഡൊന്നിന് 100/- രൂപ നിരക്കിൽ 2021-22 സാമ്പത്തിക വർഷം 2235-02-102-56 (P) എന്ന ശീർഷകത്തിൽ നിന്നും 66,10,100/- രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി പരാമർശ പ്രകാരം ലഭിച്ചിട്ടുണ്ട്.

ടി തുക ഓരോ ജില്ലയിലേയും അങ്കണവാടി വർക്കർ, ഹെൽപ്പർമാരുടെ എണ്ണത്തിനാനുപാതികമായി വിതരണം ചെയ്യുന്നതിന് ഓരോ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും ചുവടെ ചേർത്തിരിക്കും പ്രകാരം BAMS മുഖാന്തിരം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജില്ല | അങ്കണവാടി വർക്കർമാരുടെ എണ്ണം (മിനി അങ്കണവാടികളുൾപ്പെടെ) | അങ്കണവാടി ഹെൽപ്പർമാരുടെ എണ്ണം | അനുവദിക്കുന്ന തുക |
|---|---|---|---|---|
| 01 | തിരുവനന്തപുരം | 3061 | 3061 | 612200 |
| 02 | കൊല്ലം | 2723 | 2722 | 544500 |
| 03 | പത്തനംതിട്ട | 1389 | 1384 | 277300 |
| 04 | ആലപ്പുഴ | 2150 | 2150 | 430000 |
| 05 | കോട്ടയം | 2050 | 2049 | 409900 |
| 06 | എറണാകുളം | 2858 | 2858 | 571600 |
| 07 | ഇടുക്കി | 1561 | 1545 | 310600 |
| 08 | പാലക്കാട് | 2835 | 2832 | 566700 |

GB'

| | | | | |
|---|---|---|---|---|
| 09 | തൃശൂർ | 3016 | 3016 | 603200 |
| 10 | മലപ്പുറം | 3808 | 3802 | 761000 |
| 11 | കോഴിക്കോട് | 2938 | 2921 | 585900 |
| 12 | വയനാട് | 874 | 832 | 170600 |
| 13 | കണ്ണൂർ | 2504 | 2502 | 500600 |
| 14 | കാസർഗോഡ് | 1348 | 1312 | 266000 |
| | ആകെ | **33115** | **32986** | **6610100** |
| അറുപത്തിയാറ് ലക്ഷത്തി പതിനായിരത്തി ഒരുന്നൂറ് രൂപ മാത്രം | | | | |

ജില്ലാ വനിത ശിശുവികസന ഓഫീസർമാർ ഓരോ ICDS പ്രോജക്ടുകളിലെയും അങ്കണവാടി പ്രവർത്തകരുടെ എണ്ണത്തിന് ആനുപാതികമായിട്ടുള്ള ടി തുക BIMS മുഖാന്തിരം ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അനുവദിച്ച് നൽകേണ്ടതാണ്. ഓരോ ICDS പ്രോജക്ടുകൾക്കും അനുവദിച്ച് നൽകിയിട്ടുള്ള തുക വിനിയോഗിച്ച് ലഭ്യമാക്കിയിട്ടുള്ള നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള തിരിച്ചറിയൽ കാർഡുകൾ അതാത് ശിശുവികസന പദ്ധതി ഓഫീസർമാർ സ്റ്റോർ പർച്ചേയ്സ് നടപടിക്രമം പാലിച്ച് നിർമ്മിച്ച് വിതരണം നടത്തേണ്ടതുമാണ്.

ടി ചെലവുകൾക്ക് ആവശ്യമായ തുക നടപ്പു സാമ്പത്തിക വർഷത്തിലെ 2235-02-102-56(P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതും ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ജില്ലാ വനിത ശിശുവികസന ഓഫീസർമാർ മുഖാന്തിരം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

1. എല്ലാ ജില്ലാ ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ജില്ലാ വനിത ശിശുവികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ്

1. സൂപ്രണ്ട്, എ സെക്ഷൻ,
2. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

GB'

കേരള സർക്കാർ | GOVT of Kerala
വനിത ശിശുവികസന വകുപ്പ്
Women & Child Development Department

## ICDS PROJECT :

Employee Id No :

Name :

Designation :

AWC No :

LSGD :

District :

Child Development
Project Officer

Office address with Phone no & Official Ph no CDPO :

Residential address :

Aadhaar card no :

Date of Birth :

Blood group :

Mobile no :

Emergency contact :

Date of issue :

1. Not tranferable
2. The holder of the card is responsible for its safe keeping